പെയിന്റിംഗ്, സ്റ്റിക്കറിംഗ് മുതലായ പ്രവർത്തനങ്ങൾക്കായി വർക്ഷോപ്പിലാണ്. പ്രസ്തുതപണികൾ കഴിയുന്നമുറയ്ക്ക് ഈ വാഹനങ്ങൾ അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഹാജരാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭിച്ചശേഷം പ്രവർത്തനസജ്ജമാക്കുന്നതാണ്.

മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ

47 (2256) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് എം. എൽ. എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പ് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട് നാളിതുവരെയും ധനകാര്യ വകുപ്പിന് നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുതറിപ്പോർട്ട് അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടനിർമ്മാണം സംബന്ധിച്ച ഫയൽ സർക്കാർ പരിഗണനയിലാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട അധിക തസ്തിക സൃഷ്ടിക്കേണ്ട ആവശ്യമുണ്ടോയെന്ന് അറിയിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

അട്ടപ്പാടി മേഖലയിലെ ആശുപത്രികളുടെ അടിസ്ഥാന വികസനം

48 (2257) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിശുമരണങ്ങളെ തുടർന്ന് അട്ടപ്പാടി മേഖലയിൽ ആരോഗ്യവകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അട്ടപ്പാടി മേഖലയിലെ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) രണ്ട് വർഷത്തിനിടയിൽ എത്ര പുതിയ തസ്തികകൾ ഈ മേഖലയിൽ സൃഷ്ടിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത മേഖലയിൽ ആരോഗ്യവകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിലായി ജീവനക്കാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 2013-ൽ അധികമായുണ്ടായ ആദിവാസി ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ പ്രത്യേകമായി അട്ടപ്പാടി മേഖലയിൽ കൈക്കൊണ്ട നടപടികൾ താഴെപ്പറയുന്നു :

അട്ടപ്പാടി മേഖലയിലെ മുഴുവൻ ആരോഗ്യ ഉപകേന്ദ്രങ്ങളിലും ഓരോ ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സുമാരെക്കൂടി നിയമിച്ച് ഫീൽഡുതല ആരോഗ്യ പ്രവർത്തനങ്ങളും മാതൃശിശു പരിചരണവും ശക്തിപ്പെടുത്തുകയുണ്ടായി. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേതടക്കം ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 75 തസ്തികകൾ അധികമായി സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ച് ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി.

നിലവിലുണ്ടായിരുന്ന രണ്ട് ടൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്ക് പുറമെ ദേശീയ ആരോഗ്യമിഷൻവഴി ആരംഭിച്ചതുൾപ്പെടെ അഞ്ച് യൂണിറ്റുകൾ ആദിവാസി ഊരുകളിൽ മുടക്കം കൂടാതെ മെഡിക്കൽ ക്യാമ്പുകൾ നടത്തി സൗജന്യ മരുന്നും ചികിത്സയും ആരോഗ്യബോധവത്കരണവും നടത്തിവരുന്നു.

ഗുരുതരമായ പോഷണക്കുറവുള്ള കുട്ടികളുടെ പോഷണ പരിചരണത്തിനായി മൂന്ന് ന്യൂട്രീഷ്യണൽ റീഹാബിലിറ്റേഷൻ സെന്ററുകൾ (എൻ.ആർ.സി.) സി.എച്ച്.സി. അഗളി, പി.എച്ച്.സി. ഷോളയൂർ , പുതൂർ എന്നിവിടങ്ങളിൽ പ്രവർത്തനമാരംഭിച്ചു. കോട്ടത്തറ ടൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിന്റെ സേവനം 24 മണിക്കൂറും ലഭ്യമാക്കി, ആവശ്യമായ മറ്റ് സ്പെഷ്യലിസ്റ്റുകളെക്കൂടി നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഐ.എം.എ.യുടെ സഹായത്തോടെ രണ്ടാഴ്ചയിലൊരിക്കൽ സോണോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കിവരുന്നു. പോഷണക്കുറവുള്ള കുട്ടികളുടെയും ഗർഭിണികളുടെയും പരിചരണവും ഫീൽഡുതല പ്രവർത്തനങ്ങളും ഉറപ്പുവരുത്തുന്നതിനായി യൂണിസെഫ് സഹായത്തോടെ ജാതക്-ജനനി സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുവരുന്നു.

അധിക പരിചരണം ആവശ്യമുള്ള കുട്ടികളുടെയും ഗർഭിണികളുടെയും അമ്മമാരുടെയും വീടുകളിൽ ആരോഗ്യ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, ആശ/കുടുംബശ്രീ വാളണ്ടിയർ, ടൈബൽ പ്രൊമോട്ടർ എന്നിവർ ഇടർച്ചയായി സന്ദർശിച്ച് വേണ്ട പ്രവർത്തനങ്ങൾ ചെയ്യുവരുന്നു. ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് വേണ്ട മരുന്നുകളും ഫീൽഡുതല പ്രവർത്തനങ്ങൾക്കുവേണ്ട അയൺ ഫോളിക് ആസിഡ് എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

ഗുരുതരമായ പോഷണക്കുറവുള്ള കുഞ്ഞുങ്ങൾക്ക് എൻ.ആർ.സി.യിൽ തയ്യാറാക്കുന്ന പ്രത്യേക പോഷണം ഫീൽഡുതലത്തിൽ ലഭ്യമാക്കിവരുന്നുണ്ട്. ചെറിയ പോഷണക്കുറവുള്ള കുട്ടികളുടെ അധിക പോഷണം അംഗൻവാടിവഴി ലഭ്യമാക്കിവരുന്നു.

അട്ടപ്പാടി മേഖലയിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഡോക്ടർമാർക്ക് അധിക ഇൻസെന്റീവായി മാസം 20,000 രൂപയും ആരോഗ്യവകുപ്പിലെ മറ്റ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനവും നൽകിവരുന്നു.

അട്ടപ്പാടി മേഖലയിലെ ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ദീർഘകാലം ഈ മേഖലയിൽ പ്രവർത്തിച്ച് പരിചയമുള്ള ഡോ. പ്രഭുദാസിനെ നോഡൽ ഓഫീസറും കോട്ടത്തറ ആശുപത്രിയുടെ സൂപ്രണ്ടുമായി നിയമിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഒറ്റപ്പാലം സബ്കളക്ടറുടെ നേതൃത്വത്തിൽ എം.പി., എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ്, വിവിധ വകുപ്പ് പ്രതിനിധികൾ ഉടങ്ങിയവരടങ്ങുന്ന സമിതി നടത്തിവരുന്നു.

(ബി)

1. ടൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ഡോക്ടർമാർക്കും നെഴ്സുമാർക്കും മുക്കുറവുള്ള കുട്ടികളെ പരിചരിക്കുന്നതിനും ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും ആവശ്യമുള്ള ട്രയിനിംഗ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. അട്ടപ്പാടിയിലെ കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 10-6-2013-ലെസഉ.(എംഎസ്.)നമ്പർ 222/2013/ആ.ക.വ. പ്രകാരം 38 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

3. കോട്ടത്തറ ആശുപത്രിയിൽ അൾട്രാ സോണോഗ്രാഫി മെഷീൻ സ്ഥാപിക്കുകയും ബ്ലഡ് സ്റ്റോറേജ് സെൽ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

4. ശിശുരോഗം, സർജറി, അനസ്തീഷ്യാ, ഗൈനക്കോളജി, കണ്ണ്, ഇ.എൻ.ടി., എല്ലുരോഗം, പല്ല് എന്നീ വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

5. കിടത്തി ചികിത്സയിലുള്ള ആദിവാസി രോഗികൾക്ക് കോംപ്രീഹെൻസീവ് ട്രൈബൽ ഹെൽത്ത് പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നുണ്ട്.

6. സിക്കിൾസെൻ അനീമിയ എന്ന രോഗം തടയുവാൻ നടപടികൾ എടുത്തിട്ടുണ്ട്.

7. വിദഗ്ധ ചികിത്സ നൽകുന്നതിനായി "ടെലി മെഡിസിൻ" സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

8. പോഷകാഹാരകുറവുള്ള കുട്ടികളുടെ ചികിത്സയ്ക്കും പരിചരണത്തിനുമായി "ജാതക്" എന്ന പദ്ധതി രൂപീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്.

9. പ്രസവ ശുശ്രൂഷയുമായി ബന്ധപ്പെട്ട് "ജനനി" എന്ന പദ്ധതിയ്ക്ക് രൂപം കൊടുത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്.

10. മെന്റൽ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്.

11. ലെപ്രസി, ക്ഷയം എന്നീ രോഗബാധിതർക്ക് പ്രത്യേക ചികിത്സ നൽകി വരുന്നുണ്ട്.

(സി) 10-6-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 222/2013/ആ.ക.വ. പ്രകാരം അട്ടപ്പാടി മേഖലയിലെ ആരോഗ്യസ്ഥാപനങ്ങളായ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി കോട്ടത്തറ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അഗളി, പ്രൈമറി ഹെൽത്ത് സെന്റർ പുതൂർ എന്നിവിടങ്ങളിൽ 75 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I-ൽ ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അട്ടപ്പാടി മേഖലയിൽ ജീവനക്കാരുടെ 52 ഒഴിവുകളുണ്ട്. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധം II -ൽ ചേർക്കുന്നു. *

കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ

49 (2258) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് സ്കാനിംഗ്സൗകര്യം, ലാബ് സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇവ ലഭ്യമാകുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ജില്ലയിലെസ്വകാര്യ സ്കാനിംഗ് സെന്ററുകളിലും ലാബുകളിലും അമിത ചാർജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സെന്ററുകളിലെ ചൂഷണം തടയുന്നതിന് ഏകീകൃത വില നിയന്ത്രണ പട്ടിക ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ജനറൽ ആശുപത്രിയിൽ മാത്രമാണ് ഇപ്പോൾ സ്കാനിംഗ് സൗകര്യമുള്ളത്. ജില്ലാ ആശുപത്രി-കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി-കാസർഗോഡ്, താലൂക്കാശുപത്രി-നീലേശ്വരം, താലൂക്കാശുപത്രി-തൃക്കരിപ്പൂർ, സി.എച്ച്.സി-ചെറുവത്തൂർ, സി.എച്ച്.സി-പെരിയ, സി.എച്ച്.സി-ചുടംകല്ല്, സി.എച്ച്.സി-ബേഡഡുക്ക, സി.എച്ച്.സി-മൂളിയാർ, സി..എച്ച്.സി-മംഗൽപ്പാടി, സി.എച്ച്.സി- മഞ്ചേശ്വരം, സി.എച്ച്.സി- ബദിയടുക്ക, പി.എച്ച്.സി-കയ്യൂർ, പി.എച്ച്.സി-ചിറ്റാരിക്കൽ, പി.എച്ച്.സി-തർക്കിലക്കാട്, പി.എച്ച്.സി-കരിന്തളം, പി.എച്ച്.സി-വെള്ളരിക്കുണ്ട്, പി.എച്ച്.സി-എണ്ണപ്പാറ, പി.എച്ച്.സി-പാണത്തൂർ, പി.എച്ച്.സി-ഉദുമ, പി.എച്ച്.സി-അജാനൂർ എന്നിവിടങ്ങളിലാണ് ലാബ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) കാസർഗോഡ് ജില്ലയിലെ സ്വകാര്യ സ്കാനിംഗ് സെന്ററുകളിലും ലാബുകളിലും അമിത ചാർജ്ജ് ഈടാക്കുന്നത് ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly